ഉത്തരം

(എ) കുമാരി സീതാലക്ഷ്മിയുടെ ടി.സി.-യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും തിരികെ ലഭിക്കുവാനുള്ള അപേക്ഷ കോളേജ് അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ 2013-ൽ അഡ്മിഷൻ ലഭിച്ച പ്രസ്തുത വിദ്യാർത്ഥിനി ആ വർഷത്തെ മുഴുവൻ ഫീസായ 65,000 രൂപ കോളേജിൽ അടച്ചിട്ടുണ്ട്.

(സി) പ്രവേശന പരീക്ഷാ കമ്മീഷണർ 2013-ൽ ഇറക്കിയിട്ടുള്ള പ്രോസ്പെക്ടസിലെ clause 12.2.4., a ii പ്രകാരം സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ അതേ അധ്യയന വർഷംതന്നെ പ്രവേശനനടപടികൾ പൂർത്തിയാക്കിയതിനുശേഷം പഠനം നിർത്തി പോവുകയാണെങ്കിൽ Liquidated damages ഇനത്തിൽ 75,000 രൂപ അടയ്ക്കാൻ ബാധ്യസ്ഥരാണ്. ടി വ്യവസ്ഥ പാലിക്കുന്നപക്ഷം കുമാരി സീതാലക്ഷ്മിയുടെ ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും തിരികെ നൽകാവുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) സാധാരണ ഗതിയിൽ അദ്ധ്യയന വർഷം അവസാനിക്കുമ്പോഴാണ് വിദ്യാർത്ഥികൾക്ക് ടി.സി.യും മറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നത്. എന്നാൽ കുമാരി സീതാലക്ഷ്മി 29-6-2014-ൽ പഠനം നിർത്താൻ അപേക്ഷിക്കുകയും തുടർന്ന് 12-8-2014-ൽ അതേ കോളേജിൽ പുനഃപ്രവേശനത്തിന് അപേക്ഷ നൽകുകയും ആയത് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അനുവദിക്കുകയും ചെയ്തിരുന്നു. പുനഃപ്രവേശനം നേടിയശേഷം 8-6-2015-ൽ ടി വിദ്യാർത്ഥിനിയുടെ പിതാവ് Liquidated damages നൽകാതെ ടി.സി.-യും മറ്റ് സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസ്വഴി അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ നിയമപരമായ നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതുതായി ആരംഭിച്ച കോളേജുകൾ

2 (1018) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഏതെല്ലാം കോളേജുകളിൽ എത്ര തസ്തികകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കുന്ദമംഗലം ഗവൺമെന്റ് കോളേജ് തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 19 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 4 എയ്ഡഡ് കോളേജുകളും അനുവദിച്ചിട്ടുണ്ട്.

സർക്കാർ ആർട്സ് & സയൻസ് കേളേജുകൾ

താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, ചേലക്കര, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ, നെയ്യാറ്റിൻകര, കോങ്ങാട്, നാദാപുരം, ഒല്ലൂർ, ഉദുമ, തവനൂർ, കുന്ദമംഗലം എന്നീ നിയമസഭാ മണ്ഡലങ്ങളിലും പത്തനംതിട്ട, അട്ടപ്പാടി എന്നിവിടങ്ങളിലുമാണ് സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചിട്ടുള്ളത്.

മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര, മലപ്പുറം, കെ.പി.എം.എസ്. എയ്ഡഡ് കോളേജ്, കരുവാട്ടുമല, കൊല്ലം, പി.ആർ.ഡി.എസ്. എയ്ഡഡ് കോളേജ്, അമര, ചങ്ങനാശ്ശേരി, അംബേദ്ക്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് വണ്ടൂർ, മലപ്പുറം എന്നിവയാണ് അനുമതി നൽകിയ എയ്ഡഡ് കേളോജുകൾ.

മലപ്പുറത്ത് ഒരു സർക്കാർ വനിതാ കോളേജ് തത്വത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി)

ക്രമ നമ്പർ	ഗവ.കോളേജ്	അദ്ധ്യാപക തസ്തിക	അനദ്ധ്യാപക തസ്തിക
(1)	(2)	(3)	(4)
1	താനൂർ	18	-
2	കൊടുവള്ളി	14	13
3	മങ്കട	21	13
4	കൊണ്ടോട്ടി	16	13

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
5	ബാലുശ്ശേരി	14	13
6	ചേലക്കര	13	13
7	തൃത്താല	10	13
8	കാട്ടാക്കട	6	-
9	തലശ്ശേരി	8	-
10	പയ്യന്നൂർ	7	-
11	നെയ്യാറ്റിൻകര	6	-
12	നാദാപുരം	11	-
	ആകെ	144	78

144 അദ്ധ്യാപക തസ്തികകളിൽ 28 തസ്തികകൾ 8 മുതൽ 12 മണിക്കൂർ വരെ മാത്രം വർക്ക് ലോഡുള്ളവയാകയാൽ ഗസ്റ്റ് അദ്ധ്യാപക തസ്തികകളായാണ് അനുവദിച്ചിട്ടുള്ളത്. മേൽ പറഞ്ഞ തസ്തികകൾ കൂടാതെ വേങ്ങര എയ്ഡഡ് കോളേജിന് 31 തസ്തികകളും (അദ്ധ്യാപകർ 23, അനദ്ധ്യാപകർ 08) അനുവദിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചവരുന്നു.

എൽ.എൽ.ബി. സീറ്റുകൾ

3 (1019) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ലോ കോളേജുകളിലും എയ്ഡഡ്, സ്വാശ്രയ ലോ കോളേജുകളിലുമായി 2006 മുതൽ 2015 വരെയുള്ള ഓരോ വർഷവും എൽ.എൽ.ബി.ക്ക് എത്ര സീറ്റ് വീതം ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൂന്നുവർഷ കോഴ്സുകളിലും അഞ്ചുവർഷ കോഴ്സുകളിലുമായി എത്ര വീതം സീറ്റുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി ലോ കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly